(ബി) കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാം നിർമ്മാണം പൂർത്തിയായി വരുന്നു. കോഹാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും ഹൈടെക് ഡയറി ഫാം നിർമ്മാണം പുരോഗമിക്കുന്നു.

(സി) കുളത്തൂപ്പുഴ ഹൈടെക് ഫാം 2011 ജനുവരിയിൽ കമ്മീഷൻ ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത ഡയറി ഫാമുകളുടെ സമീപവാസികളായ ക്ഷീര കർഷകരെ ഉൾപ്പടുത്തി സാറ്റലൈറ്റ് ഡയറി ഫാമുകൾ ആരംഭിക്കുന്നതിനും അത്യുൽപ്പാദന ശേഷിയുള്ള പശുക്കുട്ടികൾ, ഭ്രൂണം എന്നിവ ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിനും ഹൈകടക് ഡയറി ഫാമുകൾ ആരംഭിക്കാനാവശ്യമായ സാങ്കേതിക ഉപദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും പാൽ വിപണന ശൃംഖലകൾ സൃഷ്ടിക്കുന്നതിനും സാധിക്കും.

പാലുൽപ്പാദനവും പാലുൽപ്പന്നങ്ങളുടെ ആവശ്യകതയും

92 (1669) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം ആഭ്യന്തര പാൽ ഉൽപ്പാദനം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയാണ് ;

(ബി) പാലിന്റെ ആഭ്യന്തര ഉപഭോഗ അളവ് എത്രയാണ് ;

(സി) ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) മനുഷ്യ സമൂഹത്തിനു കന്നുകാലി പാലും, പാലുല്പന്നങ്ങളും അനിവാര്യമല്ലെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെക്കുറിച്ച് ശാസ്ത്രീയ അപഗ്രഥനം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തൊക്കെയാണ് നിഗമനങ്ങൾ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇപ്പോൾ ആഭ്യന്തര ഉൽപ്പാദനം 71.23 ലക്ഷം ലിറ്ററെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) നിലവിൽ ആഭ്യന്തര ഉപഭോഗം പ്രതിദിനം 78 ലക്ഷം ലിറ്ററും ഉൽസവകാലങ്ങളിൽ പ്രതിദിനം 82 മുതൽ 84 ലക്ഷം ലിറ്ററായും വർദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുകയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ക്ഷീര വികസന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പശുക്കളെ അന്യ സംസ്ഥാനത്തു നിന്നും കർഷകർക്ക് ലഭ്യമാക്കുന്ന എം.എസ്.ഡി.പി. പദ്ധതി, കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി എന്നിവ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്നു. കൂടാതെ, ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങളായ പെൻഷൻ, വിദ്യാഭ്യാസ ധനസഹായം, വിവാഹധനസഹായം, ഇൻഷ്വറൻസ് തുടങ്ങിയവ നടപ്പിലാക്കുന്ന ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനവും പാൽ ഉൽപ്പാദനത്തെ സഹായിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പാൽ ഉൽപ്പാദന വർദ്ധനവിനായി വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഇത്തരം പദ്ധതി പ്രവർത്തനങ്ങൾ ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ സഹായിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പുവഴി ക്ഷീരകർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിനും, മറ്റു പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, കന്നുകുട്ടി പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനും ധനസഹായം നൽകി സംസ്ഥാനത്തിന്റെ ആഭ്യന്തര പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആത്മഹത്യ പ്രേരിത ജില്ലകളായ വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ വിദർഭ പദ്ധതിയും ഇത് കൂടാതെ, സൗജന്യമായി കൃത്രിമ ബീജധാനം, കന്നുകുട്ടി പരിപാലന പദ്ധതി, പശുക്കൾക്കുള്ള തീറ്റ സബ്സിഡി തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കന്നുകുട്ടി പരിപാലന പദ്ധതി, കർഷകരുടെ തൊഴുത്തുകളുടെ നവീകരണം, പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കിവരുന്നു. സംയോജിത കന്നുകാലി വികസന പദ്ധതിക്കായി 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6862 ക്ഷീരകർഷകർക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ ആഭ്യന്തര പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പല പരിപാടികളും നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പ് 900 കർഷകർക്ക് 3 പശു 2 എരുമ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു കർഷകന് ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. ഈ പദ്ധതിയിൽ ഭക്ഷ്യ സുരക്ഷയ്ക്കായി മാതൃകാ കർഷകരെ-വികസിപ്പിച്ച് മാതൃകകൾ മെച്ചപ്പെടുത്തുന്നതിന് ആനുകൂല്യം ലഭ്യമാക്കുന്നു. ഇതുകൂടാതെ, ക്ഷീര കർഷകർക്ക് വെറ്ററിനറി സർവ്വീസിലൂടെ ആരോഗ്യ സംരക്ഷണം നൽകുന്നു. കൃഷിവകുപ്പ് മുഖേന ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം നെൽകൃഷി കർഷകരിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly